**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 391** **23-08-2022 - ൽ മറുപടിയ്ക്ക്**

**നഗരസഭകളിൽ ജീവനക്കാർക്ക് പ്രമോഷൻ ലഭിക്കുന്നതിനുള്ള കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നഗരസഭകളിൽ ഉണ്ടായിരിക്കുന്ന സീനിയോറിറ്റി പ്രശ്നം പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ; | (എ) | നഗരസഭകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ ക്ലർക്ക്, ടൈപ്പിസ്റ്റ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1, ഹെൽത്ത് സൂപ്പർവൈസർ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് എന്നീ തസ്തികകളിലെ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് അന്തിമമാക്കിയിട്ടുള്ളതാണ്.<br><br>ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2, ലാസ്റ്റ് ഗ്രേഡ് സർവന്റ്, സീനിയർ ക്ലർക്ക്, ഹെഡ് ക്ലർക്ക്/ റവന്യൂ ഇൻസ്പെക്ടർ, സൂപ്രണ്ട്, റവന്യൂ ഓഫീസർ ഗ്രേഡ്-2, റവന്യൂ ഓഫീസർ ഗ്രേഡ്-1, ഡെപ്യൂട്ടി സെക്രട്ടറി എന്നീ തസ്തികകളിലെ കരട് സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുള്ളതും ആയത് അന്തിമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. |
| (ബി) | സീനിയോറിറ്റി പ്രശ്നം പരിഹരിക്കാത്തതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഉണ്ടായിരിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ സർക്കാർ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (ബി) | നഗരസഭകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ ക്ലർക്ക്, ടൈപ്പിസ്റ്റ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1, ഹെൽത്ത് സൂപ്പർവൈസർ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് എന്നീ തസ്തികകളിലെ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് അന്തിമമാക്കിയിട്ടുള്ളതാണ്.<br><br>ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2, ലാസ്റ്റ് ഗ്രേഡ് സർവന്റ്, സീനിയർ ക്ലർക്ക്, ഹെഡ് ക്ലർക്ക്/ റവന്യൂ ഇൻസ്പെക്ടർ, സൂപ്രണ്ട്, റവന്യൂ ഓഫീസർ ഗ്രേഡ്-2, റവന്യൂ ഓഫീസർ ഗ്രേഡ്-1, ഡെപ്യൂട്ടി സെക്രട്ടറി എന്നീ തസ്തികകളിലെ കരട് സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുള്ളതും |

| | | | |
|---|---|---|---|
| | | | ആയത് അന്തിമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. |
| (സി) | നഗരസഭാ ജീവനക്കാരെ സ്പാർക്കുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ആയതിൽ ഉണ്ടായിരിക്കുന്ന തടസ്സങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ; | (സി) | നഗരസഭാ ജീവനക്കാരെ G-Spark മായി ബന്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ജീവനക്കാരുടെ സേവന വേതന വിവരങ്ങൾ G-Spark ൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രാരംഭ നടപടികൾ നഗരസഭകളിൽ ആരംഭിച്ചിട്ടുള്ളതും ഏകദേശം 22 നഗരസഭകൾ പൂർത്തികരിച്ചിട്ടുള്ളതുമാണ്. മറ്റുള്ള നഗരസഭകളിൽ ഈ പ്രവർത്തനങ്ങൾ പുരോഗതിയിലാണ്. |
| (ഡി) | നഗരസഭകളിലെ സീനിയർ ക്ലർക്ക് തസ്തികയിലേക്കുള്ള നിയമനത്തിനുള്ള ലിസ്റ്റ് എന്നു പ്രസിദ്ധീകരിക്കും എന്ന് വ്യക്തമാക്കാമോ; ഇതുമൂലം ജീവനക്കാർക്കുണ്ടാകുന്ന സാമ്പത്തികവും അതുപോലെതന്നെ സർവീസ് സംബന്ധവുമായ നഷ്ടം എങ്ങനെ പരിഹരിക്കും എന്ന് വ്യക്തമാക്കാമോ; | (ഡി) | നഗരസഭകളിലെ ജീവനക്കാരുടെ കരട് സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും ആയത് അന്തിമമാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ടി സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് വിധേയമായി ഉദ്യോഗക്കയറ്റം അനുവദിക്കുന്നതാണ്. നഗരസഭകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ സ്ഥലം മാറ്റത്തിനായുള്ള അന്തിമ കൃൂ ലിസ്റ്റ് 06.08.2022 ൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. ആയതിനാൽ തന്നെ ഓരോ തസ്തികയിലും ഇനി ഉണ്ടാകുന്ന ഒഴിവുകളിലേക്ക് യഥാസമയം സ്ഥലം മാറ്റം/ ഉദ്യോഗക്കയറ്റം അനുവദിക്കുന്നതുമാണ്. |
| (ഇ) | നഗരസഭകളിലെ റവന്യൂ ഇൻസ്പെക്ടർ തസ്തികയിലേക്കുള്ള പ്രമോഷൻ വൈകുന്നതിനുള്ള കാരണം വിശദീകരിക്കാമോ; ജൂലൈ 31 വരെ ഈ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്; പ്രമോഷൻ ഉത്തരവ് എന്നേക്ക് പുറത്തിറങ്ങും എന്ന് വ്യക്തമാക്കാമോ; | (ഇ) | റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ 39 ഒഴിവുകളാണുള്ളത്. നഗരസഭകളിലെ ജീവനക്കാരുടെ കരട് സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും ആയത് അന്തിമമാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ടി സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് വിധേയമായി ഉദ്യോഗക്കയറ്റം അനുവദിക്കുന്നതാണ്. |
| (എഫ്) | ഓഗസ്റ്റ് മാസത്തിൽ റവന്യൂ ഇൻസ്പെക്ടർ മുതൽ മുകളിലുള്ള തസ്തികകളിൽ ഉണ്ടായിരിക്കുന്ന റിട്ടയർമെൻറ് എത്രയെന്ന് വ്യക്തമാക്കാമോ; നഗരസഭകളിൽ പ്രമോഷൻ ഉണ്ടായാലും റിട്ടയർമെൻറ് ഉണ്ടായാലും വേക്കൻസി റിപ്പോർട്ട് ചെയ്യാതെ ഇത്തരം തസ്തികകൾ മാസങ്ങളായി ഒഴിഞ്ഞുകിടക്കുന്നത്, നഗരസഭകളെയും അതുപോലെതന്നെ ജീവനക്കാരെയും ഒരുപോലെ ബാധിക്കുന്നതിനാൽ എന്ത് പരിഹാര നിർദ്ദേശമാണ് നൽകുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (എഫ്) | ഓഗസ്റ്റ് മാസത്തിൽ റിട്ടയർമെൻറ് ഇല്ലാത്തതാണ്. നഗരസഭകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ സ്ഥലം മാറ്റത്തിനായുള്ള അന്തിമ കൃൂ ലിസ്റ്റ് 06.08.2022 ൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. ആയതിനാൽ തന്നെ ഓരോ തസ്തികയിലും ഇനി ഉണ്ടാകുന്ന ഒഴിവുകളിലേക്ക് യഥാസമയം സ്ഥലം മാറ്റം/ ഉദ്യോഗക്കയറ്റം അനുവദിക്കുന്നതുമാണ്. |
| (ജി) | നഗരസഭകളിൽ അതാതു മാസങ്ങളിൽ | (ജി) | ഒഴിവുകൾ അതാതു മാസം തന്നെ നികത്തുന്നതിന് |

| | | | |
|---|---|---|---|
| | ഉണ്ടാകുന്ന ഒഴിവുകൾ അതാത് മാസം തന്നെ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ; ഇതിൽ എന്തെങ്കിലും പ്രായോഗിക ബുദ്ധിമുട്ട് ഉണ്ടോ എന്ന് വ്യക്തമാക്കാമോ; ഇതുമൂലം ജീവനക്കാർക്കും അതുപോലെതന്നെ നഗരസഭയ്ക്കുമുണ്ടാകുന്ന സേവന, സാമ്പത്തിക നഷ്ടം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | | നടപടി സ്വീകരിക്കുന്നതാണ്. ആയത് സംബന്ധിച്ച് യാതൊരു പ്രായോഗിക ബുദ്ധിമുട്ടും ഇല്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ